## ശ്രദ്ധ ക്ഷണിക്കൽ

## കേര കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. എം. ചന്ദ്രൻ: സർ, നമ്മുടെ സംസ്ഥാനത്തെ ജനജീവിതത്തെ മൊത്തത്തിൽ ബാധിക്കുന്ന അതീവഗൗരവതരമായ ഒരു പ്രശ്നത്തിലേക്ക് ഞാൻ ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിന് കേരളമെന്ന പേരുണ്ടായതുതന്നെ കേര വൃക്ഷങ്ങളുടെ നാടായതുകൊണ്ടാണ്. എന്നാൽ ഇപ്പോൾ കേര വൃക്ഷങ്ങളെത്തന്നെ ഇല്ലാതാക്കി കേരളത്തിന്റെ പേര് മാത്രം നിലനിർത്തുന്നതിനുവേണ്ടിയുള്ള നീക്കങ്ങളാണ് കേന്ദ്ര-കേരള സർക്കാരുകൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. തേങ്ങയുടെ വിലയിടിവ് തുടർന്നുകൊണ്ടിരുന്ന കഴിഞ്ഞ മാർച്ചിൽത്തന്നെ ഈ സഭയിൽ ഞാൻ ഈ പ്രശ്നത്തിലേക്ക് സഭയുടെ ശ്രദ്ധ ക്ഷണിക്കുകയുണ്ടായി. അന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, കൊപ്രാ സംഭരണവും പച്ചത്തേങ്ങാ സംഭരണവും ഊർജ്ജിതപ്പെടുത്തുമെന്നാണ്. എന്നാൽ ഈ കഴിഞ്ഞ കാലയളവിൽ നാമമാത്രമായ തോതിലാണ് കൊപ്രാ സംഭരണവും പച്ചത്തേങ്ങാ സംഭരണവും നടന്നത്. സംഭരണം കൊണ്ട് തേങ്ങയുടെ വിലയിടിവിന് യാതൊരുവിധ പരിഹാരവുമുണ്ടായില്ല. തേങ്ങയുടെ വിലയിടിവിനെ സംബന്ധിച്ച് നമ്മുടെ കേരളത്തിൽ പ്രചാരത്തിലുള്ള എല്ലാ പത്രമാധ്യമങ്ങളും മുഖപ്രസംഗങ്ങളും ലേഖന പരമ്പരകളും എഴുതുകയുണ്ടായി. എന്നിട്ടുപോലും അത് കണ്ടഭാവം

നടിക്കാത്ത ഒരു സമീപനമാണ് സർക്കാരിൽ നിന്നുണ്ടായത്. ബഹുമാനപ്പെട്ട മന്ത്രി എന്റെ ഒരു സുഹൃത്തുകൂടിയാണ്. പക്ഷേ അദ്ദേഹം കേരളത്തിലെ തെങ്ങ് കൃഷിയുടെ അന്തകനാണെന്ന് പറയേണ്ടി വന്നതിൽ എനിക്ക് ഖേദമുണ്ട്. ഒരു തേങ്ങയ്ക്ക് ഇന്ന് കൃഷിക്കാരന് ലഭി ക്കുന്നത് 3 രൂപയാണ്. 2011-ൽ ഒരു തേങ്ങയ്ക്ക് 10 രൂപ വരെ ലഭിച്ചിരുന്നു. ഒരു കോഴിമുട്ടയ്ക്ക് ഇപ്പോൾ വില 4.50 പൈസയാണ്. ഒരു കിലോ മാങ്ങയ്ക്ക് 25 രൂപ വില കൊടുക്കണം. ഒരു കിലോ പച്ചത്തേങ്ങയ്ക്ക് 11 രൂപ കിട്ടുമ്പോൾ ഒരു കിലോ മാങ്ങയ്ക്ക് 25 രൂപയാണ് വിലയുളളത്. ഒരു ഏക്കറിൽ 60 തെങ്ങുള്ള ഒരു കർഷകന്റെ അവസ്ഥ ഞാൻ പറയുക യാണ്. നല്ല കായ്ഫലമുള്ള തെങ്ങായതുകൊണ്ട് അദ്ദേഹം ഒരു പ്രാവശ്യം തേങ്ങയിട്ടപ്പോൾ 600 തേങ്ങ കിട്ടി. ആ 600 തേങ്ങ വിറ്റപ്പോൾ അദ്ദേഹത്തിന് ലഭിച്ചത് 1800 രൂപയാണ്. 60 തെങ്ങിൽ നിന്ന് തേങ്ങയിടാൻ ഒരു തെങ്ങിന് 25 രൂപ നിരക്കിൽ 1500 രൂപ കൊടുക്കേണ്ടിവന്നു. അത് തോട്ടത്തിൽ നിന്ന് പെറുക്കിയെടുക്കാൻ 300 രൂപ കൂലിയായി കൊടുത്തു. 600 തേങ്ങ പൊതിക്കാൻ 100-ന് 70 രൂപ നിരക്കിൽ 420 രൂപ കൊടുത്തു. അങ്ങനെ 2220 രൂപ ചെലവും 1800 രൂപ വരവുമാണുള്ളത്. 420 രൂപ യാണ് ഒരു കർഷകന് ഒരു മാസം ഒരു ഏക്കറിൽ നിന്ന് തേങ്ങയിട്ട് വിറ്റ പ്പോൾ നഷ്ടമുണ്ടായത്. ഇതിനുപുറമേ തെങ്ങിന് വളപ്രയോഗം നടത്തണം, നനയ്ക്കണം. അതിനുള്ള ചെലവുകളെല്ലാം കൂട്ടുമ്പോൾ എത്രയോ ഇരട്ടി നഷ്ടക്കൃഷിയായി തെങ്ങ് കൃഷി മാറിക്കൊണ്ടിരിക്കുക

യാണ്. ഇങ്ങനെയുള്ള സാഹചര്യത്തിൽ ആരെങ്കിലും കേരളത്തിൽ പുതുതായി ഒരു തെങ്ങ് വയ്ക്കാൻ തയ്യാറാകുമോ? ഒരു തെങ്ങ് വച്ച് വളർത്തി അതിൽ നിന്നുള്ള ആദായമെടുക്കണമെങ്കിൽ ക്ഷമാപൂർവ്വം 8 കൊല്ലമെങ്കിലും കാത്തിരിക്കണം. അങ്ങനെയൊരു തെങ്ങ് വച്ച് അത് വളർത്തി അതിൽ നിന്ന് ആദായമെടുത്ത് ജീവിക്കാമെന്നുള്ള ഒരു വ്യാമോഹം ഇന്നത്തെ പുതിയ തലമുറയ്ക്ക് ഉണ്ടാകുമോ? അതുകൊണ്ട് പുതിയ തെങ്ങ് ഉണ്ടാകില്ലെന്ന് മാത്രമല്ല നിലവിലുള്ള തെങ്ങ് വരെ വെട്ടി മാറ്റുന്ന ഒരവസ്ഥയിലേയ്ക്ക് കേരളം നീങ്ങിക്കൊണ്ടിരിക്കുകയാണ്. കേരളത്തിൽ ആകെ കൃഷിഭൂമിയുടെ 37% അതായത് 7.7 ലക്ഷം ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷിയുണ്ടായിരുന്നു. ഇപ്പോഴും കേരളത്തിൽ 25 ലക്ഷം കുടുംബങ്ങൾ നേരിട്ടും മറ്റൊരു 20 ലക്ഷം കുടുംബങ്ങൾ പരോക്ഷമായും ഈ തെങ്ങ് കൃഷിയെ ആശ്രയിച്ചാണ് ജീവിച്ചുകൊണ്ടിരിക്കുന്നത്. (അദ്ധ്യക്ഷവേദിയിൽ മി. ഡെ. സ്പീക്കർ)

<u>മി. ഡെ. സ്പീക്കർ</u> : യെസ്, സമയമായി.

<u>ശ്രീ. എം. ചന്ദ്രൻ</u> : സർ, ഇതൊന്ന് പറഞ്ഞുകൊള്ളട്ടേ. മുമ്പ് 700 കോടി നാളികേരം കേരളത്തിൽ ഉൽപ്പാദിപ്പിച്ചിരുന്നു. ഇപ്പോൾ അത് 564 കോടിയായി ചുരുങ്ങി. വിലയിടിവിന്റെ ഭാഗമായി 6000 കോടി രൂപയാണ് ഒരു വർഷത്തിൽ കേരളത്തിന്റെ വ്യാപാരനഷ്ടം. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി ഇവിടെ ചെറുകിട കൃഷിക്കാരാണ് തേങ്ങാ കൃഷിചെയ്ത് ജീവിക്കുന്നത് എന്നുള്ളതുകൊണ്ട് അവരുടെ ജീവിതം

പാടെ തകർന്നിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ പാമോയിൽ ഇറക്കുമതി നയമാണ് തേങ്ങയുടെ വിലയിടുവിന് ഒരു പ്രധാനപ്പെട്ട പങ്ക് വഹിച്ചത്. 2010-11-ൽ 63 ലക്ഷം ടൺ പാമോയിൽ ഇറക്കുമതി ചെയ്ത സ്ഥാനത്ത് 2011-12-ൽ 75 ലക്ഷം ടൺ ഇറക്കുമതി ചെയ്തു. ഒരു കിലോയ്ക്ക് 15 രൂപ സബ്സിഡി നൽകി പാമോയിൽ പൊതുവിതരണ ശൃംഖല വഴി വിതരണം നടത്തുന്നു. എന്നാൽ വെളിച്ചെണ്ണയ്ക്ക് സബ്സിഡിയില്ല. അത് പൊതുവിതരണ ശൃംഖല വഴി വിതരണം നടത്തുന്നില്ല. കേരളത്തിൽ നിന്ന് രണ്ട് ക്യാബിനറ്റ് മന്ത്രിമാർ ഉൾപ്പെടെ 8 കേന്ദ്രമന്ത്രിമാർ ഉണ്ടായിട്ടും ഇതിനൊരു പരിഹാരം കാണാൻ ശ്രമിക്കുന്നില്ല. പാമോയിലിന് പുറമേ പാംകർണൽ ഓയിൽ ഇറക്കുമതിയും വെളിച്ചെണ്ണയെ തകർത്തു. അത് വെളിച്ചെണ്ണയിൽ കലക്കി കുറഞ്ഞ വിലയ്ക്ക് തമിഴ്നാട്ടിൽ നിന്നും കേരളത്തിൽ കൊണ്ടു വന്ന് വിൽപ്പന നടത്തിക്കൊണ്ടിരിക്കുകയാണ്. നാളികേരത്തിന്റെ ഉൽപ്പാദനച്ചെലവുമായി ബന്ധപ്പെടുത്തുമ്പോൾ  കേന്ദ്ര സർക്കാർ ഇപ്പോൾ പ്രഖ്യാപിച്ച സംഭരണവില തീരെ കുറവാണ്.  കൊപ്രയ്ക്ക് കേന്ദ്രം പ്രഖ്യാപിച്ച വില ക്വിന്റലിന് 5100 രൂപയാണ്. പച്ചത്തേങ്ങയ്ക്ക് 14 രൂപ യാണ്. ഉൽപ്പാദനച്ചെലവിനൊത്ത വില ഡോ. സ്വാമിനാഥൻ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. അതനുസരിച്ച് ഉൽപ്പാദനച്ചെലവും അതിന്റെ പകുതിയും കൂടി കൂട്ടി താങ്ങുവില നിശ്ചയിക്കണം. ഒരു തേങ്ങയ്ക്ക്

കേരളത്തിൽ നിശ്ചയിച്ചിരിക്കുന്ന ഉൽപ്പാദനച്ചെലവ് 7 രൂപയാണ്. അങ്ങനെ വരുമ്പോൾ ഒരു തേങ്ങയ്ക്ക് 10 രൂപ 50 പൈസ താങ്ങുവില നിശ്ചയിക്കണം. അതനുസരിച്ച് പച്ചതേങ്ങ സംഭരിച്ച് ഈ കൃഷിക്കാരെ സംരക്ഷിക്കണമെങ്കിൽ ഒരു കിലോയ്ക്ക് 26 രൂപ 25 പൈസയെങ്കിലും താങ്ങുവില സർക്കാർ നിശ്ചയിക്കണം. 725 തേങ്ങയാണ് ഒരു ക്വിന്റൽ കൊപ്രയ്ക്ക് കണക്കാക്കിയിട്ടുള്ളത്. അതുപ്രകാരം 7612 രൂപയെങ്കിലും ഒരു ക്വിന്റൽ കൊപ്രയ്ക്ക് താങ്ങുവില നിശ്ചയിക്കണം. എങ്കിൽ മാത്രമേ കേരളത്തിലെ 15 കോടി തെങ്ങുകളെയും അതിനെ ആശ്രയിച്ച് ജീവിക്കുന്ന തെങ്ങ് കൃഷിക്കാരെയും സംരക്ഷിച്ച് കേരളത്തിന്റെ പേര് തന്നെ നിലനിറുത്താൻ കഴിയൂ. അതിനുവേണ്ടിയുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

## കേര കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, കേരളത്തിലെ കർഷകർ, പ്രത്യേകിച്ച് നാളികേര കർഷകർ നേരിടുന്ന പ്രധാന പ്രശ്നത്തെക്കുറിച്ചാണ് ബഹുമാന്യനായ അംഗം എം. ചന്ദ്രൻ ഇവിടെ ശ്രദ്ധക്ഷണിക്കലിലൂടെ ഉന്നയിച്ചത്. ഇന്ന് വിപണിയിൽ നാളികേരളത്തിനുണ്ടായിരിക്കുന്ന വിലയിടിവിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിനായി കേന്ദ്ര

സർക്കാരിന്റെ താങ്ങുവില പദ്ധതിപ്രകാരമുള്ള കൊപ്ര സംഭരണം കേരളത്തിൽ നടപ്പിലാക്കിവരികയാണ്. 2012 സീസണിലേയ്ക്ക് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില പദ്ധതിപ്രകാരം മില്ലിംഗ് കൊപ്ര ക്വിന്റലിന് 5100 രൂപയും ഉണ്ടക്കൊപ്ര ക്വിന്റലിന് 5350 രൂപയും പൊതിച്ച നാളികേരം ക്വിന്റലിന് 1400 രൂപയും നിരക്കിലാണ് സംഭരണം നടത്തുന്നത്. അതുപ്രകാരം നാഫെഡിന്റെ സ്റ്റേറ്റ് നോഡൽ ഏജൻസികളായ കേരഫെഡും മാർക്കറ്റ്ഫെഡും മുഖേന കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നും കൊപ്ര സംഭരിച്ചുവരുന്നു. കേരഫെഡ് 102 സംഘങ്ങൾ മുഖേന കാസർകോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശൂർ, ആലപ്പുഴ, തിരുവനന്തപുരം എന്നീ ജില്ലകളിൽ നിന്നും 1.12.2012 വരെ 9646 ടൺ മില്ലിംഗ് കൊപ്രയും 195 ടൺ ഉണ്ടക്കൊപ്രയും സംഭരിച്ചിട്ടുണ്ട്. മാർക്കറ്റ്ഫെഡ് 48 സംഘങ്ങൾ മുഖേന 1.12.2012 വരെ കാസർകോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശൂർ, എറണാകുളം, ആലപ്പുഴ, കോട്ടയം, കൊല്ലം, പത്തനംതിട്ട, തിരുവനന്തപുരം എന്നീ ജില്ലകളിൽ നിന്നും 7926 ടൺ കൊപ്ര സംഭരിച്ചിട്ടുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, ഇപ്പോൾ നാളികേരം എന്ത് വിലയ്ക്കാണ് എടുക്കുന്നത്? നാളികേര കൃഷിക്കാർക്ക് അവരുടെ നാളികേരത്തിന് മര്യാദ വില കിട്ടുന്നില്ല എന്നുള്ള കാര്യ

മാണല്ലോ ബഹുമാനപ്പെട്ട എം. ചന്ദ്രൻ ഉന്നയിച്ചത്. കുറച്ചുകൂടി ഉച്ചത്തിൽ ബഹുമാനപ്പെട്ട മന്ത്രി പറയണം. പറഞ്ഞതൊന്നും കേട്ടിട്ടില്ലായെന്നതുകൊണ്ട് ചോദിക്കാൻ ഇടയാകുകയാണ്. നാളികേരള ത്തിന് ഒരു മുട്ടയുടെ വിലപോലും കിട്ടുന്നില്ല എന്നുള്ള വസ്തുതയാണ് അദ്ദേഹം ബഹുമാനപ്പെട്ട ഗവൺമെന്റിന്റെയും മന്ത്രിയുടെയും പ്രത്യേക ശ്രദ്ധയ്ക്ക് വിധേയമാക്കാൻ ശ്രമിച്ചത്. അതുപോലെതന്നെ നമ്മൾ ആഹാരം കഴിക്കുന്ന .....................

<u>മി. ഡെ. സ്പീക്കർ</u> : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, ശ്രദ്ധ ക്ഷണിക്കലിന് ചോദ്യമില്ല.

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u> : ഞാൻ അദ്ദേഹത്തിന്റെ ശ്രദ്ധ യിൽപ്പെടുത്താൻ ശ്രമിക്കുകയാണ്. അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടു ത്തേണ്ട പ്രധാനപ്പെട്ട ഒരു കാര്യമായതുകൊണ്ട് അങ്ങയുടെ അനുമതി യോടുകൂടി ഞാൻ ചോദിക്കുകയാണ്. പാലക്കാട്ടെ കൃഷിക്കാർക്ക് അവരുടെ സംഭരിച്ച നെല്ലിന്റെ വിലയായ 150 കോടിയോളം രൂപ ഇതു വരെ കൊടുത്തിട്ടില്ല. അതുംകൂടി അങ്ങ് മനസ്സിലാക്കണം. ഇടയ്ക്ക് വിമാനത്തിൽവച്ച് ഭക്ഷ്യ വകുപ്പുമന്ത്രിയുമായി സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് ഞങ്ങൾ അത് ഉടനെതന്നെ കൊടുക്കുന്നുണ്ടെന്നാണ്. ഇപ്പോൾ അരിക്ക് പുറംവില 42 രൂപയാണ്. അവർക്ക് കൊടുക്കുന്ന വില എത്രയാണ്? രണ്ട് രൂപ നിങ്ങൾ വർദ്ധിപ്പിച്ചു. അരിക്ക് 15 രൂപ എന്നത് 17 രൂപയാക്കി. ഈ തരത്തിൽ അവരുടെ നെല്ലിന്റെ വിലയും കുറച്ച്

കൂടുതലാക്കി വർദ്ധിപ്പിക്കുകയും അവരുടെ കുടിശ്ശിക അടിയന്തരമായി കൊടുത്തുതീർക്കുകയും ചെയ്യണം. കുട്ടനാട്ടിലും പാലക്കാട്ടുമുള്ള കൃഷിക്കാരുടെ സംഭരിച്ച നെല്ലിന്റെ വില ഇതുവരെ കൊടുത്തിട്ടില്ല. അത് അടിയന്തരമായി കൊടുക്കുന്നതിനും അങ്ങ് നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. പി. മോഹനൻ : സർ, ഞാൻ അതിലേക്കാണ് വരുന്നത്. ഒട്ടാകെ 1.12.2012-ൽ 17,569 ടൺ കൊപ്ര സംഭരിച്ചിട്ടുണ്ട്. താങ്ങുവില പദ്ധതി പ്രകാരം കർഷകർക്ക് കൊപ്ര സംഭരണത്തിനാവശ്യമായ സർട്ടിഫിക്കറ്റും നൽകിവരുന്നുണ്ട്. ഇതിനെക്കുറിച്ച് ആലോചിക്കാൻ വേണ്ടി സഹകരണ സംഘങ്ങളെയും കേരഫെഡ്, മാർക്കറ്റ് ഫെഡ്, കൃഷി വകുപ്പ് ഉദ്യോഗസ്ഥന്മാർ എന്നിവരെയും ഉൾപ്പെടുത്തിക്കൊണ്ട് ചേർന്ന മേഖലാ യോഗങ്ങളിൽ വച്ച് ചില തീരുമാനങ്ങളെടുക്കുകയും 27 രൂപ ചാക്കിന് കൊടുക്കുന്നതിന് 10 രൂപ കൂടി അധികമായി കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ കൊപ്ര സംഭരിക്കുന്ന സംഭരണ ഏജൻസികൾക്ക് 500 രൂപ ഇൻസെന്റീവ് കൊടുക്കുന്നതിനും ഉത്തരവാ യിട്ടുണ്ട്. അതിനുശേഷവും ഇത്തരത്തിൽ കൊപ്ര സംഭരണം കൂടുതൽ ഊർജ്ജിതപ്പെടുത്താത്തതിന്റെ ഭാഗമായിട്ടാണ് നമ്മൾ പുതുതായി ഒരു പദ്ധതിക്ക് രൂപം കൊടുത്തിരിക്കുന്നത്. ക്വിന്റലിന് 1400 രൂപയ്ക്കാണ് ഇപ്പോൾ പച്ചതേങ്ങ സംഭരിക്കുന്നത്. കേരളഫെഡ് പച്ചത്തേങ്ങ സംഭരിച്ച്

ഉണക്കി നാഫെഡിന് കൈമാറുകയാണ്. അതിനൊരു മാറ്റം വരുത്തിക്കൊണ്ട് കേരളത്തിലെ മുഴുവൻ കൃഷിഭവനുകളും മുഖാന്തിരം പച്ചത്തേങ്ങ സംഭരിക്കുവാനുള്ള നടപടികൾ ആരംഭിച്ചിരിക്കുകയാണ്. ഡിസംബർ മാസം അവസാനത്തോടുകൂടി അതിന്റെ തുടക്കം കുറിക്കും. ഇതുവരെ ഞങ്ങൾ അതിന് ഒരു തീരുമാനമെടുക്കാതിരുന്നത് അതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കിയാൽ മാത്രമേ സാധിക്കുകയുള്ളുവെന്നതിനാലാണ്. അതുകൊണ്ട് കൃഷിഭവനുകളിൽ 2,00,000 രൂപ റിവോൾവിംഗ് ഫണ്ട് കൊടുത്തുകൊണ്ട് കൃഷിഭവൻ മുഖാന്തരം പച്ചത്തേങ്ങ സംഭരിക്കാനുള്ള നടപടികൾ സ്വീകരിച്ചിരിക്കുകയാണ്. അങ്ങനെ സംഭരിക്കുമ്പോൾ എല്ലാ കൃഷിഭവനുകളിലും അവിടെത്തെ കേര കർഷകർ ഉൽപ്പാദിപ്പിക്കുന്ന തേങ്ങ സംഭരിക്കുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായിട്ട് 21 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട  ധനകാര്യ വകുപ്പുമന്ത്രി മുഖ്യമന്ത്രിയുടെ നിർദ്ദേശ പ്രകാരം 8 കോടി രൂപ ഇപ്രാവശ്യം തന്നെ നീക്കിവച്ചിട്ടുണ്ട്.  ഏതായാലും ഈ മാസം അവസാനത്തോടുകൂടി അത് ആരംഭിക്കുമ്പോൾ കേര കർഷകരെ സംബന്ധിച്ചിടത്തോളം കൂടുതൽ ആശ്വാസകരമായ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ജനുവരിയിൽ നാളികേരത്തിന്റെ താങ്ങുവില പുതുക്കി നിശ്ചയിക്കാമെന്ന് കേന്ദ്രം വാക്ക് തന്നിട്ടുണ്ട്.  അതുപ്രകാരം പുതുക്കി നിശ്ചയിക്കുമ്പോൾ കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം അത് കൂടുതൽ

ഗുണകരമായ നിലയിലേക്ക് എത്തിച്ചേരും. ഇപ്പോൾ ഇവിടെ സൂചിപ്പിച്ചതു പോലെതന്നെ പാമോയിൽ ഇറക്കുമതിയും അതുപോലെ വെളിച്ചെണ്ണ കയറ്റുമതി ചെയ്യാനുമുള്ള ഒരു മാർജിനും വച്ചത് കേരളത്തിലെ കേര കർഷകരെ സംബന്ധിച്ചിടത്തോളം വലിയ വിഷമമുള്ള കാര്യമാണ്. നമ്മൾ ഇപ്പോൾ ഉദ്ദേശിക്കുന്നത് നാളികേരത്തിന്റെ ബയോഡൈവേഴ്സിറ്റി ഉണ്ടാക്കി കോക്കനട്ട് ബയോപാർക്ക് ഉണ്ടാക്കിക്കൊണ്ട് അവിടെ പുതിയ സംരംഭകരെ വരുത്തി നാളികേരത്തിന്റെ വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ ഉണ്ടാക്കാൻ വേണ്ടിയുള്ള നടപടികൾ കൂടി ആരംഭിക്കുന്നുണ്ട്. ജനുവരി മാസത്തിൽ അതിന് തുടക്കം കുറിക്കും. നീര പുറത്തിറക്കാനുള്ള നടപടികൾ കൂടി ആലോചിക്കുന്നുണ്ട്. ചില ചർച്ചകൾ കൂടി നടക്കാനുണ്ട്. ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രിയും തൊഴിലാളി നേതാക്കളുമായുള്ള ചർച്ചകൾ നടന്നതിനുശേഷം അതിന് ഒരു തീരുമാനമെടുക്കുന്നതാണ്. ഇത്തരത്തിലുള്ള കാര്യങ്ങളുമായാണ് മുന്നോട്ടുപോകുന്നത്. ഇതിലൂടെ നമുക്ക് കേരളത്തിലെ നാളികേര കർഷകരെ സഹായിക്കാൻ വേണ്ടിയുള്ള .................

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ഗവൺമെന്റ് നാളികേരം എന്ത് വിലയ്ക്ക് എടുക്കുമെന്ന് വ്യക്തമാക്കണം.

ശ്രീ. കെ. പി. മോഹനൻ: അതാണ് പറഞ്ഞത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കേൾക്കാത്തതുകൊണ്ടാണ്. പച്ചത്തേങ്ങ കിലോയ്ക്ക് 14 രൂപയ്ക്ക് കൃഷിഭവനുകൾ മുഖാന്തിരം എടുക്കുകയാണ്. ....എണ്ണം

നോക്കിയാൽ പല വർണ്ണത്തിലുമുണ്ടാകും. നമ്മളൊക്കെ പല തൂക്കമുള്ള ആളുകളാണല്ലോ.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഇങ്ങനെ ചർച്ച യിലേക്ക് പോകരുത്.

ശ്രീ. കെ. പി. മോഹനൻ: പൊതിച്ച പച്ചത്തേങ്ങ കിലോയ്ക്ക് 14 രൂപ യ്ക്കാണ് സംഭരിക്കുന്നത്. ഇപ്പോൾ തേങ്ങയുടെ വില കുറച്ചുകൂടിയിട്ടു ണ്ട്. കേരകർഷകനെ സംബന്ധിച്ചിടത്തോളം വില കൂടുന്നത് ഗുണകരമാ കും. ഏതായാലും ഈ വിഷയം വളരെ ഗൗരവത്തോടുകൂടിയാണ് സർക്കാർ കാണുന്നത്.

ശ്രീ. എം. ചന്ദ്രൻ: സർ, പച്ചത്തേങ്ങ കിലോയ്ക്ക് 14 രൂപ വച്ച് സംഭരിക്കുമെന്നാണ് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഒരു കിലോയ്ക്ക് മൂന്ന് തേങ്ങയെങ്കിലും വേണം. അപ്പോൾ ഏകദേശം അഞ്ചു രൂപ ഒരു തേങ്ങയ്ക്ക് കിട്ടുമെന്നാണ് പറഞ്ഞത്. പക്ഷേ, ഇപ്പോഴത്തെ ഉല്പാദനച്ചെലവുമായി ബന്ധപ്പെടുത്തുമ്പോൾ ഒരു കിലോയ്ക്ക് 26 രൂപ 25 പൈസയെങ്കിലും താങ്ങുവില നിശ്ചയിച്ചുകൊണ്ട് പച്ചത്തേങ്ങ സംഭരി ച്ചാൽ മാത്രമേ കേരളത്തിലെ കൃഷിക്കാർ രക്ഷപ്പെടുകയുള്ളൂ. വൈവിദ്ധ്യ വൽക്കരണമൊക്കെ ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടതാണ്. അതിനൊന്നും ഞങ്ങളാരും എതിരല്ല. പക്ഷേ അടിയന്തരമായി കിലോയ്ക്ക് 26 രൂപയെങ്കിലും നൽകി പച്ചത്തേങ്ങ സംഭരിക്കാൻ കേരള ഗവൺമെന്റ് മുൻകൈയെടുക്കുമോ എന്നുള്ളതാണ് അറിയേണ്ടത്.

ശ്രീ. കെ. പി. മോഹനൻ: കേന്ദ്ര സർക്കാർ ജനുവരി മാസത്തോടു കൂടി താങ്ങുവില കൂട്ടി നിശ്ചയിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചി ട്ടുണ്ട്. അതോടുകൂടി നമുക്കും അതിനെക്കുറിച്ച് ചിന്തിക്കാവുന്നതാണ്. വൈവിദ്ധ്യവൽക്കരണം കൊണ്ടു മാത്രമേ കേരളത്തിലെ കേരകർഷകർ രക്ഷപ്പെടുകയുള്ളൂ. അതിന് യാതൊരു സംശയവുമില്ല. പഴയരൂപത്തിൽ വെറും വെളിച്ചെണ്ണയാക്കുന്നതുകൊണ്ടു മാത്രം കാര്യമില്ല. കൊളസ്ട്രോൾ കൂടുമെന്ന് പറഞ്ഞ് വെളിച്ചെണ്ണ ഇപ്പോൾ പലരും ഉപ യോഗിക്കുന്നില്ല. വെളിച്ചെണ്ണ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന ഒരാളാണ് ഞാൻ. വെളിച്ചെണ്ണ ഏറ്റവും നല്ല ഔഷധമാണ്. ബിഫോർ ഷേവായിട്ടും ആഫ്റ്റർ ഷേവായിട്ടും വെളിച്ചെണ്ണ ഉപയോഗിക്കാവുന്ന താണ്. ഈ രംഗത്ത് തീർച്ചയായും വൈവിദ്ധ്യവൽക്കരണം ആവശ്യമാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഈ വിഷയത്തിൽ ഇടപെട്ട് സംസാരിച്ചിരുന്നു. കഴിഞ്ഞ വർഷം കൊപ്ര സംഭരണം ഉദ്ദേശിച്ച രീതിയിൽ വിജയിപ്പിക്കാൻ നമുക്ക് സാധിച്ചില്ല. കേന്ദ്ര ഗവൺമെന്റ് ഇതിന്റെ മുഴുവൻ ചെലവും വഹിക്കും. കേന്ദ്ര ഗവൺമെന്റ് വച്ച വില കർഷകന് കിട്ടിയാൽ ഒരു തേങ്ങയ്ക്ക് 6.50 - 7 രൂപ വരെ കിട്ടും. പക്ഷേ നമുക്ക് കൊപ്രയാക്കുന്നതിനുള്ള സൗകര്യം വളരെ കുറവാണ്. പച്ചത്തേങ്ങ എടുത്താൽ മാത്രമേ കർഷകന് വില കിട്ടു കയുള്ളൂ. പച്ചത്തേങ്ങ കിലോയ്ക്ക് 14 രൂപ ഫിക്സ് ചെയ്തിട്ടുമുണ്ട്.

പക്ഷേ ഇത് ഉണക്കുന്നതിനുള്ള ഡ്രൈയർ ഇല്ല, സൗകര്യക്കുറവുണ്ട്. അതുകൊണ്ട് ഇപ്രാവശ്യം സംസ്ഥാന ഗവൺമെന്റ് ഓരോ ക്വിന്റലിനും 500 രൂപ വച്ച് പച്ചത്തേങ്ങ സംഭരിക്കുന്ന കർഷക സൊസൈറ്റികൾക്ക് കൊടുക്കും. അത് സൊസൈറ്റികളെക്കൊണ്ട് ഇതെടുപ്പിക്കുന്നതിനു വേണ്ടിയാണ്. കാരണം അവർക്ക് കിട്ടുന്ന രൂപ മുഴുവൻ കർഷകന് കൊടുക്കുകയാണെങ്കിൽ സൊസൈറ്റി സാക്രിഫൈസ് ചെയ്യേണ്ടിവരും. അതുകൊണ്ട് ഗവൺമെന്റ്  ഒരു ക്വിന്റലിന് 500 രൂപ വച്ച് സൊസൈറ്റിക്ക് കൊടുക്കാൻ തീരുമാനിച്ചു. അതിനുപുറമേ കൊപ്ര ഉണക്കുന്നതിനുള്ള സംവിധാനം സൊസൈറ്റികളിൽ പരമാവധി പ്രോത്സാഹിപ്പിക്കുകയാണ്. അതിനുള്ള സംവിധാനമുണ്ടായാൽ മാത്രമേ കൊപ്രസംഭരണം വിജയിപ്പി ക്കാൻ സാധിക്കുകയുള്ളൂ. നബാർഡ് വഴി കേന്ദ്ര ഗവൺമെന്റ് അതിന്റെ മുഴുവൻ ചെലവും വഹിക്കും. ഇപ്പോഴത്തെ സംഭരണവില കൂട്ടണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് ശ്രമിച്ചുകൊ ണ്ടിരിക്കുകയാണ്.

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>: സർ, പാമോയിലിന് 15 രൂപ വരെ സബ്സിഡി കൊടുക്കുകയാണ്. അതുപോലെ നാളികേരത്തേയും രക്ഷി ക്കുന്നതിന് വെളിച്ചെണ്ണയ്ക്കും സബ്സിഡി കൊടുത്തുകൂടേ?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, ആ നിർദ്ദേശം ഇതിനോടകംതന്നെ കേന്ദ്ര ഗവൺമെന്റിനു മുമ്പിൽ വച്ചിട്ടുണ്ട്. അവർ പറയുന്നത് നാളികേരത്തിന് ന്യായമായ വില ലഭിക്കുന്നതിനുവേണ്ടിയാണ് സംഭരണ വില നിശ്ചയിച്ച്

വലിയ നഷ്ടം ഗവൺമെന്റ് സഹിച്ചുകൊണ്ടിരിക്കുന്നത്. സംഭരണവില കൂട്ടുന്ന കാര്യത്തിലാണ് നമ്മൾ താല്പര്യമെടുത്തിരിക്കുന്നത്. ഈ നിർദ്ദേശം കേന്ദ്ര ഗവൺമെന്റിനു മുമ്പിൽ കൊടുത്തിട്ടുണ്ട്, അത് ആവശ്യ പ്പെടുന്നുണ്ട്. പക്ഷേ നമ്മുടെ ആദ്യ ഡിമാന്റ് സംഭരണവില കൂട്ടണമെന്നു ള്ളതാണ്.

## മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണവും അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, തീരദേശത്തെ മത്സ്യത്തൊഴി ലാളികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഗവൺമെന്റിന്റെ സജീവ ശ്രദ്ധയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നതിനു വേണ്ടിയാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നത്. സംസ്ഥാ നത്തിന്റെ സമ്പദ്ഘടനയിൽ വളരെ സുപ്രധാനമായ പങ്ക് മത്സ്യവ്യവസാ യത്തിനുണ്ട്. ഇൻഡ്യയുടെ മത്സ്യോല്പാദനത്തിന്റെ 25 ശതമാനവും കേരളത്തിൽ നിന്നാണ്. ആഭ്യന്തര ഉല്പാദനത്തിന്റെ 8 ശതമാനം പരമ്പ രാഗത മത്സ്യത്തൊഴിലാളികളുടെ സംഭാവനയാണ്. എന്നാൽ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ ഇന്നും ഏറ്റവും പിന്നോക്കം നിൽക്കുന്നത് തീരദേശമേഖലയാണ്. അരലക്ഷത്തോളം മത്സ്യത്തൊഴിലാളികൾക്ക് ഭവ നങ്ങളില്ല, ഇതിന്റെ ഇരട്ടിപേർക്ക് ടോയ്‌ലറ്റ് സൗകര്യങ്ങളില്ല. പതിനായിര ങ്ങൾക്ക് വീടുമില്ല, സ്ഥലവുമില്ല. ഏറ്റവും രൂക്ഷമായ കുടിവെള്ളക്ഷാമം

അനുഭവപ്പെടുന്നത് തീരദേശത്താണ്. കൂനിന്മേൽകുരുവെന്നപോലെ തീരദേശ നിയന്ത്രണ നിയമവും തീരദേശവാസികളെ ശ്വാസം മുട്ടിക്കുകയാണ്. തീരദേശ മത്സ്യത്തൊഴിലാളികൾക്ക് ഈ സർക്കാർ വന്നതിനുശേഷം നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളെ വിസ്മരിച്ചുകൊണ്ടല്ല ഞാനിതു പറയുന്നത്. 50000 രൂപയിൽ നിന്ന് 2 ലക്ഷം രൂപയായി ഭവനനിർമ്മാണ ഗ്രാന്റ് വർദ്ധിപ്പിച്ചതും ടോയ്‌ലറ്റ് നിർമ്മാണത്തിന് 17500 രൂപ ഗ്രാന്റ് നൽകുന്ന പദ്ധതിയും ഏറെ ആശ്വാസകരമാണ്. തീരദേശ വികസന കോർപ്പറേഷൻവഴി സമഗ്രമായ ഭവനനിർമ്മാണ പദ്ധതിയുണ്ടാക്കണം. സ്ഥലത്തിന് ദൗർലഭ്യമുള്ളതുകൊണ്ട് ഫ്ളാറ്റുകൾ നിർമ്മിക്കാൻ കഴിയുമോ എന്നത് പരിശോധിക്കേണ്ടതാണ്. കുടിവെള്ള പദ്ധതികൾ പലതും വരുന്നുണ്ടെങ്കിലും ഇതിന്റെയെല്ലാം ടെയിൽ എൻഡായിട്ടാണ് തീരദേശം നിൽക്കുന്നത്. സുനാമിഫണ്ടുപയോഗിച്ച് കരുനാഗപ്പള്ളിയിലുണ്ടാക്കിയ കുടിവെള്ള പദ്ധതിയിൽ തീരദേശത്ത് മാത്രം വെള്ളമെത്തുന്നില്ല, ഇടയ്ക്ക് വെള്ളം പോകുകയാണ്. അതുകൊണ്ട് കുടിവെള്ള പദ്ധതികൾ തീരദേശനിവാസികൾക്ക് ലഭ്യമാകുന്ന രീതിയിൽ റീഡിസൈൻ ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. സഞ്ചാരയോഗ്യമായ റോഡുകൾ നിർമ്മിക്കാൻ നടപടിയുണ്ടാകണം. ഈ ഗവൺമെന്റ് വന്നതിനുശേഷം ഹാർബർ എഞ്ചിനീയറിംഗ് വഴി കുറെയേറെ റോഡുകൾ ഏറ്റെടുത്തിട്ടുണ്ടെന്നത് സ്വാഗതാർഹമാണ്. പദ്ധതികൾ പ്രഖ്യാപിക്കുന്നതോടൊപ്പം സമയബന്ധിതമായി പൂർത്തിയാക്കാനും കഴിയണം.

ഫിഷിംഗ് ഹാർബറുകളുടെയും ലാന്റിംഗ് സെന്ററുകളുടെയും നിർമ്മാണം വളരെ അനന്തമായി നീണ്ടുപോകുകയാണ്. അതിന് വിഴിഞ്ഞം ഏറ്റവും വലിയ ഉദാഹരണമാണ്. 25 വർഷം കഴിഞ്ഞിട്ടും വിഴിഞ്ഞം പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഹാർബറുകളും ലാന്റിംഗ് സെന്ററുകളും അടിസ്ഥാന സൗകര്യങ്ങളെന്ന നിലയ്ക്ക് സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയണം. അതുപോലെ മത്സ്യത്തൊഴിലാളികളെക്കുറിച്ച് ഒരു പഠനം നടത്തേണ്ടത് വളരെ ആവശ്യമാണ്. കേരളത്തിന്റെ സമ്പദ്ഘടനയിൽ വലിയ പങ്കുവഹിക്കുന്ന തീരദേശവാസികളോട് കരുണയും അനുകമ്പയും മാത്രമല്ല അവരുടെ പ്രശ്നങ്ങളിൽ ശ്രദ്ധ ചെലുത്താനും സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കാനും ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

<u>മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണവും അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത.</u>

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. കെ. ബാബു)</u>: സർ, സംസ്ഥാനത്ത് 335 മത്സ്യഗ്രാമങ്ങളിലായി പതിമൂന്ന് ലക്ഷം മത്സ്യത്തൊഴിലാളികൾ അധിവസിക്കുന്നുണ്ട്. ദേശീയ മത്സ്യോല്പാദനത്തിന്റെ 20 ശതമാനം കേരളത്തിന്റെ സംഭാവനയാണ്. പ്രതിവർഷം 1200 കോടി രൂപയുടെ മത്സ്യം കയറ്റുമതി ചെയ്യുകയും 600 കോടി രൂപയുടെ മത്സ്യം സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുകയും

ചെയ്യുന്നുണ്ട്. എന്നാൽ കേരളത്തിലെ പൊതുസമൂഹം സാമൂഹ്യ സാമ്പത്തിക മേഖലയിൽ അരനൂറ്റാണ്ടായി കൈവരിച്ച പുരോഗതിക്ക് ആനുപാതികമായ വികസനം മത്സ്യത്തൊഴിലാളി മേഖലയിൽ നേടുവാനായിട്ടില്ല എന്ന് ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ചൂണ്ടിക്കാണിച്ച കാര്യം ശരിയായ വസ്തുതയാണ്. 79 ശതമാനം മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെയും വാർഷികവരുമാനം ഇന്നും 6000 രൂപയ്ക്ക് താഴെയാണ്. 22 ശതമാനം മത്സ്യത്തൊഴിലാളികൾ ഇന്നും ഭൂരഹിതരും ഭവനരഹിതരുമാണ്. ശുദ്ധമായ കുടിവെള്ളത്തിന്റെ ദൗർലഭ്യം, ടോയ്‌ലറ്റ് സൗകര്യങ്ങളുടെ കുറവ്, അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം എന്നിവ ഈ മേഖലയിലെ ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്. ഹൈദ്രാബാദിലെ ദേശീയ ഗ്രാമീണ വികസന ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ ഒരു പഠനത്തിൽ 25000-ത്തോളം മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഇന്നും ഭവനരഹിതരാണ്. ഈ സാഹചര്യത്തിൽ തീരദേശത്തെ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിന് സർക്കാർ മുന്തിയ പ്രാധാന്യം നൽകുവാൻ തീരുമാനിച്ചിരിക്കുകയാണ്. തീരദേശത്തെ മത്സ്യഗ്രാമങ്ങളുടെ സംയോജിത വികസനത്തിനായി ഫിഷറീസ് വകുപ്പ് 3000 കോടി രൂപയുടെ ഒരു സമഗ്ര പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ 650 കോടി രൂപയുടെ വികസന പദ്ധതികൾ മത്സ്യത്തൊഴിലാളികൾക്കായി നടപ്പാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. 32 മത്സ്യഗ്രാമങ്ങളെ മാതൃകാ മത്സ്യഗ്രാമങ്ങളായി വികസി

പ്പിക്കുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിനുപുറമെ 70 മത്സ്യഗ്രാമങ്ങളെ സംയോജിത മത്സ്യഗ്രാമവികസന പദ്ധതി പ്രകാരം വികസിപ്പിക്കുന്ന തിനും ഉദ്ദേശിക്കുന്നു. ഈ പദ്ധതി അനുസരിച്ച് 12,000 പുതിയ വീടുകൾ നിർമ്മിച്ച് നൽകുന്നതാണ്. നേരത്തെ 25,000 രൂപ കേന്ദ്ര ഗവൺമെന്റിന്റെ ഗ്രാന്റും 25,000 രൂപ സംസ്ഥാന വിഹിതവുമുൾപ്പെടെ 50,000 രൂപയാണ് സംസ്ഥാനത്ത് വീടുകൾക്ക് ധനസഹായം കൊടുത്തിരുന്നത്. എന്നാൽ ഈ ഗവൺമെന്റ് അത് രണ്ട് ലക്ഷം രൂപയായി ഉയർത്തുകയുണ്ടായി. മാതൃകാ മത്സ്യഗ്രാമങ്ങളിൽ രണ്ടര ലക്ഷം രൂപയാണ് ഒരു വീടിന് കൊടു ക്കുന്നത്. അങ്ങനെ മൂന്ന് വർഷംകൊണ്ട് 12,000 വീട് നൽകുക എന്ന ലക്ഷ്യമാണുള്ളത്. ഇവിടെ ടോയ്ലെറ്റുകളുടെ കാര്യം പറഞ്ഞു. 10,000 ടോയ്ലെറ്റുകൾ നിർമ്മിച്ചുകൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. ഒരു ടോയ്ലെ റ്റിന് 20,000 രൂപ ചെലവ് കണക്കാക്കിയിട്ടുണ്ട്. അതിൽ 17,500 രൂപ ഗവൺമെന്റ് ഗ്രാന്റായി നൽകും. 2,500 രൂപ ഗുണഭോക്തൃവിഹിതമാണ്. ഈ വർഷം 1000 ടോയ്ലെറ്റുകൾ നിർമ്മിച്ചുകൊടുക്കുവാനുള്ള നടപടി കൾ ഏറെക്കുറെ പൂർത്തിയായി കഴിഞ്ഞു. 20 ഫിഷർമെൻ യൂട്ടിലിറ്റി സെന്ററുകൾ, 25 മെൻഡിംഗ് യാർഡ്, 77 കുടിവെള്ള പദ്ധതികൾ, 102 മത്സ്യ ഗ്രാമങ്ങളുടെ വൈദ്യുതീകരണം, 32 തീരദേശ സ്ക്കൂളുകളുടെ പുനരുദ്ധാരണം, 30 തീരദേശ ആശുപത്രികളുടെ നവീകരണം, 160 ഹൈമാസ്റ്റ് ലൈറ്റുകൾ, 82 ഫിഷറീസ് റോഡുകളുടെ നവീകരണം എന്നി

വയാണ് ഉദ്ദേശിക്കുന്നത്. ഈ വികസന പദ്ധതികൾ നടപ്പാക്കുന്നതിനാവശ്യമായ തുക വിവിധ സോഴ്സുകളിൽ നിന്ന് കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്. 200 കോടി രൂപ 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം ലഭിച്ച ധനസഹായത്തിൽനിന്ന് ലഭ്യമാകും. റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി നബാർഡിൽ നിന്ന് അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി 200 കോടി രൂപ ലഭ്യമാക്കാനുള്ള ധാരണയായിട്ടുണ്ട്. അതിൽ 50 കോടി രൂപ ഈ വർഷം തന്നെ ലഭിക്കും. ഭവന നിർമ്മാണത്തിനായി 150 കോടി രൂപ ഹഡ്കോയിൽ നിന്ന് വായ്പയെടുക്കാൻ ഉദ്ദേശിക്കുന്നു. ഇതിനുള്ള ചർച്ചകൾ അവസാനഘട്ടത്തിലാണ്. ഇതിനായി ഫിഷറീസ് ഡിപ്പാർട്ടുമെന്റ് ഹഡ്കോ-യ്ക്ക് അപേക്ഷ സമർപ്പിച്ചുകഴിഞ്ഞു. മത്സ്യ ഗ്രാമങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എൻ.എഫ്.ഡി.ബി.-യിൽ നിന്നും 50 കോടി രൂപ ധനസഹായം ലഭ്യമാക്കാനുള്ള ധാരണയായിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് നടപ്പുബഡ്ജറ്റിൽ 50 കോടി രൂപ 25 ഗ്രാമങ്ങൾക്കുവേണ്ടി വകയിരുത്തിയിട്ടുമുണ്ട്. അങ്ങനെ 680 കോടി രൂപ ആദ്യഘട്ടമെന്നുള്ള നിലയിൽ മൂന്ന് വർഷം കൊണ്ട് തീരദേശമേഖലയിൽ ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ തീരദേശ വികസന കോർപ്പറേഷൻ വഴി ഈ വികസന പദ്ധതികൾ നടപ്പിലാക്കുന്നതാണ്. മത്സ്യത്തൊഴിലാളികളുടെ അരക്ഷിതാവസ്ഥ പരിഹരിക്കുന്നതിന് രൂപം നൽകുന്ന സമഗ്ര

വികസന പദ്ധതികളെല്ലാം അടുത്ത മൂന്ന് വർഷത്തിനുള്ളിൽ പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനുപുറമേ കോസ്റ്റൽ ഏരിയയിലുള്ള റോഡുകളുടെ വികസനത്തിനുവേണ്ടി ഈ വർഷം 55 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തീരദേശമേഖലയിൽ നടന്നുകൊണ്ടിരിക്കുന്നു. പൊതുവേ അവഗണിക്കപ്പെട്ട തീരദേശ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുത്തും വീടുകൾ നിർമ്മിച്ചു കൊടുത്തും മത്സ്യത്തൊഴിലാളികളുടെ പ്രയാസങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ഗവൺമെന്റ് ശ്രമിക്കുകയാണ്. ഹാർബറുകളുടെ നിർമ്മാണത്തിന്റെ കാര്യത്തിലും ഗവൺമെന്റ് വളരെയേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇന്നലെ പ്രതിപക്ഷ ഉപനേതാവും ഞാനും കൂടി നടത്തിയ ഒരു ചർച്ചയുടെ അടിസ്ഥാനത്തിൽ വളരെക്കാലമായി മുടങ്ങിക്കിടന്ന തലായ് ഹാർബർ ഒരു കൊല്ലംകൊണ്ട് പൂർത്തീകരിക്കത്തക്കവിധത്തിലുള്ള നടപടികൾ പുനഃക്രമീകരിച്ചിട്ടുണ്ട്. അങ്ങനെ പൊതുവേ എല്ലാ ഹാർബറുകളുടേയും പ്രവർത്തനം വേഗത്തിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ശ്രദ്ധക്ഷണിക്കലിലൂടെ സഭയുടെ മുമ്പാകെ അവതരിപ്പിച്ച ഈ പ്രശ്നം വളരെ ഗൗരവമുള്ളതാണ്. ആ ഗൗരവം ഗവൺമെന്റ് എല്ലാ അർത്ഥത്തിലും ഉൾക്കൊള്ളുമെന്ന് ഉറപ്പ് നൽകുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ സാമ്പത്തിക സ്ഥിതി വിവരങ്ങൾ ഇപ്പോൾ പൂർണ്ണ

മായി ലഭ്യമല്ല. ഇത് പരിഹരിക്കുവാൻ സമഗ്രമായ വിവരശേഖരണ സർവ്വേ നടത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ ബാബു : സർ, മത്സ്യത്തൊഴിലാളികളുടെ ആരോഗ്യം, വീടുകളുടെ അവസ്ഥ, വിദ്യാഭ്യാസം, സാമ്പത്തിക-സാംസ്കാരിക-തൊഴിൽ നിലവാരം, കുടുംബങ്ങളുടെ കണക്കെടുപ്പ് തുടങ്ങിയവ സംബന്ധിച്ച് വിശദമായ വിവര ശേഖരണം നടത്തുന്നതിനായി ഫിഷറീസ് ഡിപ്പാർട്ടുമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതിനുള്ള സർവ്വേ ഉടൻതന്നെ ആരംഭിക്കുന്നതാണ്. അതിനുള്ള ഭരണാനുമതി നൽകിക്കഴിഞ്ഞു.

********